# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2052 07.03.2017 — ൽ മറുപടിക്ക്

## ലൈസൻസ് സസ്പെൻഡ് ചെയ്ത റേഷൻ കടകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ റേഷൻ പൂഴ്ത്തിവെപ്പുമായി ബന്ധപ്പെട്ട് ഏതൊക്കെ കടകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തിട്ടുണ്ട്;വിശദാംശങ്ങൾ അറിയിക്കാമോ; | (എ) റേഷൻ പൂഴ്ത്തിവയ്പ്പുമായി ബന്ധപ്പെട്ട് കാസർഗോഡ് താലൂക്കിലെ 157, 183 എന്നീ 2 റേഷൻ കടകൾ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ജില്ലാ സപ്ലൈ ഓഫീസറുടെ 01.02.2017 ലെ സി.എസ്. 4-293/17 ഉത്തരവ് പ്രകാരം എ.ആർ.ഡി. 157ഉം ജില്ലാ സപ്ലൈ ഓഫീസറുടെ ഉത്തരവ് നമ്പർ സി.എസ്.4-442/2017 പ്രകാരം എ.ആർ.ഡി. 183 ഉം പൊതുവിതരണ കേന്ദ്രങ്ങൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത റേഷൻ കടകളുടെ ഉടമസ്ഥർ ആരൊക്കെയാണെന്നും റേഷൻ സാധനങ്ങൾ എത്രത്തോളം പൂഴ്ത്തിവെച്ചിട്ടുണ്ടായിരുന്നെന്നും വിശദമാക്കാമോ; | (ബി) എ.ആർ.ഡി. 157 - ശ്രീ. എം. നീലകണ്ഠൻ<br>എ.ആർഡി 183 - ശ്രീ. ഷിബു തോമസ്<br><br>എ.ആർ.ഡി. 157 ന്റെ പക്കൽ നിന്ന് റേഷൻ സാധനങ്ങൾ കരിഞ്ചന്തയിലേക്ക് കൊണ്ടു പോകുന്നതിനിടെ 50 കിലോ അരി, 50 കിലോ ഗോതമ്പ് എന്നിവ പിടിച്ചെടുത്തു. എ.ആർ.ഡി. 183 റേഷൻ കടയുടമയുടെ വീട്ടിൽ നിന്നും പൂഴ്ത്തി വച്ചിരുന്ന 985 കിലോ അരി, 100 കിലോ ഗോതമ്പ്, 75 കിലോ പഞ്ചസാര, 270 ലിറ്റർ മണ്ണെണ്ണ എന്നീ റേഷൻ സാധനങ്ങൾ പിടിച്ചെടുത്തു. |
| (സി) റേഷൻ സാധനങ്ങൾ പൂഴ്ത്തി വെച്ചവർക്കെതിരെ കേസ് എടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) ഉണ്ട്. റേഷൻ സാധനങ്ങൾ പൂഴ്ത്തിവെച്ചവർക്കെതിരെ അവശ്യ സാധന നിയമപ്രകാരം കേസ് എടുക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ